"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, കാക്കനാട് വില്ലേജിൽ ബ്ലോക്ക് 9, റീസർവ്വേ നമ്പർ 364/1- ൽപ്പെട്ട 3 ഏക്കർ (121 ആർ) ഭൂമി പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രൊഡക്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KSHPDC) ലിമിറ്റഡിന് കൃഷിക്കും അനുബന്ധ ആവശ്യങ്ങൾക്കും നൽകുന്ന പാട്ട നിരക്കിൽ മുൻകാല പ്രാബല്യത്തിൽ പാട്ടം പുനർ നിശ്ചയിച്ച് കുടിശ്ശിക ഈടാക്കുവാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.216/2024/RD തീയതി,തിരുവനന്തപുരം, 04-11-2024

---

പരാമർശം:- 1. 09.01.1998 -ലെ സ.ഉ.(എം.എസ്)19/98/ആർഡി നമ്പർ ഉത്തരവ്

2. ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ 29/12/2020 തീയതിയിലെ 2064/പി/12/എച്ച്പിഡിസി നമ്പർ കത്ത്

3. എറണാകുളം ജില്ലാ കളക്ടറുടെ 05/09/2022-ലെ L9-25122/13 നമ്പർ കത്ത്.

4 ലാൻഡ് റവന്യൂ കമ്മീഷണറുടെ 07/02/2023, 08/08/2024 തീയതികളിലെ LR/4034/2021-LR(J7) നമ്പർ കത്തുകൾ

**ഉത്തരവ്**

എറണാകുളം ജില്ല കണയന്നൂർ താലൂക്ക് കാക്കനാട് വില്ലേജ് ബ്ലോക്ക് 9, 364/1- ൽപ്പെട്ട 3 ഏക്കർ ഭൂമി പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രൊഡക്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ (KSHPDC) ലിമിറ്റഡിന് റീജിയണൽ പ്രൊക്യൂർമെന്റ് സെന്റർ സ്ഥാപിക്കുന്നതിന് പ്രതിവർഷം 450/- രൂപ പാട്ടനിരക്കിൽ, 15 വർഷത്തേയ്ക്ക് പാട്ടത്തിനനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പാട്ടക്കാലാവധി 8/01/2013-ൽ അവസാനിച്ചിട്ടുള്ളതാണ്. പാട്ടം സമയബന്ധിതമായി പുതുക്കാത്തതിനെ തുടർന്ന് 09/01/2013 മുതൽ 31/03/2021 വരെയുള്ള പാട്ടക്കുടിശ്ശികയും പലിശയുമുൾപ്പെടെയുള്ള തുക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഒടുക്കുന്നതിനായി, 6,45,05,766/- രൂപ ഒടുക്കണമെന്നാവശ്യപ്പെട്ട് കണയന്നൂർ തഹസിൽദാർ സ്ഥാപനത്തിന് നോട്ടീസ് നൽകിയിരുന്നു.

2. സാമ്പത്തികമായി വളരെയധികം പ്രതിസന്ധികൾ നേരിടുന്ന ഹോർട്ടികോർപ്പിന് ഇത്രയും ഭീമമായ പാട്ടകുടിശ്ശിക തുക അടയ്ക്കുവാൻ സാധിക്കാത്തതാണ് എന്നും കാർഷിക ആവശ്യത്തിന് ഭൂമി പാർട്ടത്തിന് അനുവദിക്കുന്ന ഒരു വർഷത്തേക്ക് ഹെക്ടറൊന്നിന് 750 രൂപ എന്ന നിരക്കിൽ

പാട്ടം നിശ്ചയിച്ച് നല്കണമെന്നും കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രൊഡക്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

3. 1995-ലെ മുൻസിപ്പൽ & കോർപ്പറേഷൻ ഏരിയയിലെ ഭൂമി പതിവ് ചട്ടത്തിലെ 2016 ലെ ഭേദഗതി ചട്ടം 12 (5) (14) പ്രകാരം കാർഷികാവശ്യത്തിന് 25 ഹെക്ടറിൽ താഴെയുള്ള ഭൂമി പാട്ടത്തിന് അനുവദിക്കുന്നതിന് ഒരു വർഷത്തേക്ക് ഹെക്ടറൊന്നിനു 750/രൂപയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ആയതിനാൽ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രൊഡക്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ (KSHPDC) ലിമിറ്റഡിന് കാർഷികാവശ്യത്തിന് തുല്യമായ പാട്ടത്തുകതന്നെ നിശ്ചയിച്ച് കുടിശ്ശിക ഈടാക്കുന്ന വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ല, കണയന്നൂർ താലൂക്ക്, കാക്കനാട് വില്ലേജിൽ ബ്ലോക്ക് 9, റീസർവ്വേ നമ്പർ 364/1- ൽപ്പെട്ട 3 ഏക്കർ ഭൂമി പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രൊഡക്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KSHPDC) ലിമിറ്റഡിന് കൃഷിക്കും അനുബന്ധ ആവശ്യങ്ങൾക്കും നൽകുന്ന പാട്ടനിരക്കായ ഒരു വർഷത്തേക്ക് ഹെക്ടറൊന്നിന് 750/ രൂപ എന്ന നിരക്കിൽമുൻകാല പ്രാബല്യത്തിൽ പാട്ടം പുനർ നിശ്ചയിച്ച് നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം ജില്ലാ കളക്ടർ കണക്കാക്കി നൽകുന്ന പാട്ടക്കുടിശ്ശിക കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രൊഡക്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KSHPDC) സമയബന്ധിതമായി ഒടുക്കു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്നേഹലത കെ
ജോയിന്റ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രൊഡക്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം
കൃഷി വകുപ്പ് (AGRI-PU1/93/2017-AGRI)
ധനകാര്യ വകുപ്പ് (EXP-A2/150/2021-FIN)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suresh Kumar K
Date: 05-11-2024 10:40:42
സെക്ഷൻ ഓഫീസർ